(സി) പ്രസ്തുത പ്രവൃത്തിയുടെ അടിയന്തര സ്വഭാവം പരിഗണിച്ച് ആനുവൽ പ്ലാൻ ഓഫ് ഓപ്പറേഷൻ സ്കീമിൽപ്പെടുത്തി ഈ പ്രവൃത്തി അടിയന്തരമായി നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനും, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) 2010-11 വർഷത്തെ പ്രവൃത്തിയുടെ ആക്ഷൻ പ്ലാൻ നേരത്തെ തന്നെ തയ്യാറാക്കി അംഗീകാരം നൽകിയതിനാൽ പ്രസ്തുത പ്രവൃത്തി ഉൾക്കൊള്ളിക്കുവാൻ സാധിച്ചിട്ടില്ല.

ആലുവ കടുങ്ങല്ലൂരിലെ ജലനിധി പദ്ധതി

103 (1831) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മണ്ഡലത്തിലെ കടുങ്ങല്ലൂർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി എപ്പോഴാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലുവ മണ്ഡലത്തിലെ കടുങ്ങല്ലൂർ പഞ്ചായത്ത് ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ.

(ബി) പഞ്ചായത്തുമായി കരാർ ഒപ്പിട്ടതിനുശേഷം 24 മാസം കൊണ്ടാണ് പദ്ധതി പൂർത്തീകരിക്കുന്നത്.

പെരിയാറിന്റെ തീരം കരിങ്കൽ ഉപയോഗിച്ച് കെട്ടി സംരക്ഷിച്ചതിന് ചെലവഴിച്ച തുക

104 (1832) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലുവ മണ്ഡലത്തിലെ പെരിയാറിന്റെതീരം കരിങ്കൽ ഉപയോഗിച്ച് കെട്ടി സംരക്ഷിച്ചതിന് എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തുക എത്ര വീതം ഏതെല്ലാം ഫണ്ടുകളിൽനിന്നാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 214.70 ലക്ഷം രൂപ.

(ബി) Flood Control, Flood damage എന്നീ ബഡ്ജറ്റ് ശീർഷകങ്ങളിൽ നിന്ന് 81.30 ലക്ഷം രൂപയും റിവർ മാനേജ്മെന്റ് ഫണ്ടിൽ 133.40 ലക്ഷം രൂപയും.

പത്തനംതിട്ട ജില്ലയിലെ പന്തളം വലിയതോടിന്റെ നവീകരണം

105 (1833) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ പന്തളം വലിയതോടിന്റെ നവീകരണം പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കരിങ്ങാലിച്ചാൽ പുഞ്ചയേയും അച്ചൻകോവിലാറിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതും കരിങ്ങാലിച്ചാൽ പുഞ്ചയിലെ നെൽകൃഷിക്ക് വളരെ ഗുണകരവുമായ പന്തളം വലിയതോട് പൂർണ്ണമായും ആഴംകൂട്ടി വൃത്തിയാക്കുന്നതിനും സൈഡ് വാൾ പൂർണ്ണമായും കെട്ടുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ പന്തളം ഗ്രാമപഞ്ചായത്തിൽ മൂട്ടാർ വലക്കടവ് തോടിന്റെ (വലിയതോടിന്റെ ഒരു ഭാഗം) 75 ലക്ഷം രൂപ തുകവരുന്ന പുനരുദ്ധാരണ പണികൾ നടന്നുവരുന്നു. എന്നാൽ ഈ പണികൊണ്ടുമാത്രം പന്തളം വലിയതോടിന്റെ നവീകരണം പൂർത്തിയാക്കാൻ കഴിയില്ല.

(ബി) ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭിക്കുന്നതനുസരിച്ചും, ഫണ്ടിന്റെ ലഭ്യതയനുസരിച്ചും നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ ജലസ്രോതസ്സുകളും തോടുകളും സംരക്ഷിക്കാൻ നടപടി

106 (1834) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസ്രോതസ്സുകളെയും തോടുകളെയും സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ; ഇതിനായി 2010-11 വർഷത്തിൽ എത്ര തുക വിനിയോഗിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ ജില്ലയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും ഇതിനായി വിനിയോഗിച്ച തുക എത്രയെന്നും പേര് സഹിതം വെളിപ്പെടുത്തുമോ ;

(സി) കണ്ണൂർ ജില്ലയിലെ ജലസ്രോതസ്സുകളും തോടുകളും സംരക്ഷിക്കാൻ വേണ്ടി നൽകിയ അപേക്ഷയിന്മേൽ എന്തുനടപടി സ്വീകരിച്ചെന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly